# നവ മുകുളങ്ങൾ



## ലിറ്റിൽ കൈറ്റ്സ്
## ഐ ടി ക്ലബ്
## എസ്.ഒ.എച്ച്.എസ്.എസ്
## അരീക്കോട്



***ആശംസകളോടെ.........***

***കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്ന പദ്ധതിയായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി ഉണ്ടാക്കുന്ന ഡിജിറ്റൽ മാഗസിനായ നവമുകുളങ്ങൾക്ക് എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു..................***

ഹെഡ് മാസ്റ്റർ

എസ്.ഒ.എച്ച്.എസ്.എസ്

അരീക്കോട്



അണിയറപ്രവർത്തകർ

# ലിറ്റിൽ കൈറ്റ്സ് ടീം

# ഉള്ളടക്കം

*സ്ക്കൂളും സമൂഹവും ചിത്രവാർത്ത*
*അമ്പാടിയിലേക്ക്*
*ചെന്നായയും  ആട്ടിൻ കുട്ടിയും*
*ചുവന്ന തീരം*
*കമ്പ്യൂട്ടറിന്റെ  ചരിത്രം*
*തണ്ടൊടിഞ്ഞ പൂവ്*
*ഗാന്ധിജിജീവ ചരിത്ര കുറിപ്പ്*
*കാടുകളിലൂടെ ഒരു യാത്ര*
*കൗശലംവിയയി*
*കുഞ്ഞി മുയൽ*
**വിദ്യാലയജീവിതം**
**മാഞ്ഞു പോയ**
**മഴവില്ല്**

**മഴ**
**നിള**

**ഒത്തുപിടിച്ചാൽ**
**മലയും പോരും**
**പൊക്കിൾ**
**കൊടിതൻ**
**അവകാശി**
**<u>പ്രകൃതി</u>**

**തണൽ**

**വാശിയിലെ**
**വിജയം വയലിന്റെ**
**കണ്ണീർ**
**വിദ്യാലയ ജീവിതം.**

**എന്റെ കേരളം**
**ഗാന്ധിജിയുടെ**
**ചിന്തകൾ**

# ആമുഖം

**നവമുകുളങ്ങൾ** നിങ്ങൾക്ക് സമർപ്പിക്കുന്നു.നിരവധി മാഗസിനുകൾ വായിച്ച നിങ്ങൾക്ക്
ഇതൊരു പുതിയ അനുഭവമാകട്ടെ....
സാങ്കേതിക വിദ്യ പുരോഗതിയ്ടെ പരമോന്നതിയിൽ എത്തി നിൽക്കുന്ന വർത്തമാന
സാഹചര്യത്തിൽ ഡിജിറ്റലൈസേഷന്റെ പുതുയുഗത്തിലാണല്ലോ നാം. പ്രിന്റഡ്ആമുഖം
മീഡിയകൾ താരതമ്യേന അപ്രസക്തമാകുമ്പോൾ വായനയുടെ ലോകത്ത് നിന്നും
രാജിയാവാൻ നമുക്കാവില്ല. നൂതന വിദ്യകൾ മറ്റെല്ലാ കാര്യത്തിലെന്ന പോലെ
വായനക്കും നമുക്കുപയോഗപ്പെടുത്താം. അത്തരത്തിലുള്ള ഒരു ചെറിയ ക്ലിക്കാണ്
നവമുകുളങ്ങൾ.

കൂട്ടുകാരുടെ സർഗസൃഷ്ടികളാണ് ഇതിനെ ധന്യമാക്കുന്നത്. കടപ്പാടുകൾ ഒത്തിരിപേരോടുണ്ട്. ഉപദേശനിർദ്ദേശങ്ങൾ തന്ന ആദരണായനായ ഹെഡ്മാസ്റ്റർ കൂടെ നിന്ന് പിന്തുണ നൽകിയ പ്രിയപ്പെട്ട അദ്ധ്യാപകർ....... സൃഷ്ടികൾ തന്ന്
സഹകരിച്ച കൂട്ടുകാർ....... അതിലേറെ തുടക്കം മുതൽ ഒടുക്കം വരെ കൂടെ നിന്ന
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ...........എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു.

മേന്മകളിൽ പ്രോൽസാഹനം നൽകിയും ന്യൂനതകൾ ചൂണ്ടിക്കാട്ടിയും ഇതിന്റെ തുടർകളിൽ സഹകരിക്കണമെന്ന അഭ്യർത്ഥനയോടെ **നവമുകുളങ്ങൾ** ക്ലിക്ക്ചെയ്യാൻ വിട്ട് തരുന്നു,.....



# ഫുഡ് ഫെസ്റ്റ്

## സഹപാഠിക്കൊരു വീട്

### സ്കൂൾ സമൂഹത്തിലേക്ക്











# അമ്പാടിയിലേക്ക്

മായം കുളത്തുള്ള മാമനിമാരുടെ
മാനസമായൊരു മന്ദീരത്തിൽ
നിന്നു വിളങ്ങിനെ നന്ദകുമാരനെ-
ച്ചെന്നങ്ങു കമ്പതിന്നായില്ലമ്മേ
അക്രൂര്യമായൊരു മാനസം പൂണ്ടുള്ളാ-
രക്രൂനാകിന യാദവന്താൻ
ചൊൽകൊണ്ട് നിന്നൊരു തേരിൽ കരേരിയ
ദിക്കിനെ നോക്കി നടന്നാനപ്പോൾ
പോകുന്ന നേരത്തു തണ്ണിലെ നണ്ണി ഞാൻ
ഗോവിന്ദാ പാദങ്ങളുള്ളിലാക്കി
കണ്ണന്നെ കാണ്മത്തി

# ചെന്നായയും ആട്ടിൻ കുട്ടിയും

കൂട്ടം തെറ്റി അലയുന്ന ആട്ടിൻ കിട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു.എന്നാതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്ന് ചെന്നായ തീരുമാനിച്ചു അവൻ ആട്ടിൻ കുട്ടിയെ സമീപിച്ചു.ഇപ്രകാരം പറഞ്ഞു:എടാ കുഞ്ഞേ. കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലെ.ആട്ടിൻ കുട്ടിയാകട്ടെ പേടിച്ച് കൊണ്ട് മൊഴിഞ്ഞു"ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളു.കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല.ചെന്നായ ആരോപണം മാറ്റി"ഞാൻ ഇരപിടിക്കുന്ന മോച്ചിൽ പുറങ്ങളിലാണ് നീ മേഴുന്നത്
"എന്നായി ചെന്നായ.

"ഇല്ല അങ്ങുന്നേ ഞാനിതുവരെ പുല്ല് കഴിച്ചിട്ടില്ല.ആട്ടിൻ കുട്ടി പറഞ്ഞു.ഞാൻ കുടിക്കുന്ന ഉറവയിൽ നിന്നാണ് നീ കുടിക്കുന്നത്. എന്നായി ചെന്നായയുടെ അടുത്ത ആരോപണം.ഞാനിന്നേവരെ അമ്മയുടെ പാലല്ലതെ ഒന്നും കുടിച്ചിട്ടില്ല.പാലുമാത്രമാണ് എന്നിക്കും ഭക്ഷണവും പാനിയവും.ആട്ടിൻകുട്ടി പറഞ്ഞു.ഇതോടെ ആരോപണം മതിയാക്കിയ ചെന്നായ ആട്ടിൻ കുട്ടിയെ കൊന്നു ശാപ്പിട്ടു കൊണ്ട് പറഞ്ഞു "എന്റെ ആരോപണങ്ങൾക്കെല്ലാം നിനക്ക്മറുപടിയുണ്ടാവാം.എന്നാലിന്നു അത്തായപ്പട്ടിണി കിടക്കാൻ എനിക്ക് ഉദ്ധേഷമില്ല.

AiYASHERIN .K
5-C

# ചുവന്ന തീരം

നേരം വൈകിഎത്തിയതുകൊണ്ടാവും സൂര്യൻ കടലിന്റെ മാറിടത്തിലേക്ക് തല ചാഴ്ച്ചിരുന്നു.

അതിന്റെ ചുടുചുംബനങ്ങൾ ഏറ്റുകടൽ തീരം ചുവന്നു തുടങ്ങിയിരുന്നു. പതിയെ ഞാൻ മുന്നോട്ടു നടന്നു.

കടൽ തീരങ്ങളിലേക്ക് അടുക്കുംതോറും ഭദ്രമാക്കി ഞാൻ അടച്ചു വച്ച ഓർമ്മകളുടെ ആ പെട്ടിയിലെ ആണികളിൽ ഓരോന്നും ഇളകിത്തെറിക്കുന്നുണ്ടായിരുന്നു.

തണുത്ത ചില ഓർമകൾ...... കൊഴിഞ്ഞുവീണ ഇലകൾക്ക് മാത്രം അറിയാവുന്ന ചില മുറിവുകളും ഇഷ്ടങ്ങളും നഷ്ടങ്ങളും രഹസ്യങ്ങളും..... ഞെട്ടറ്റ ചില ദിനങ്ങ്ൾ......സമയം വൈകി ഓടിയ പുലരികൾ ....ശാന്ത മുഖമായ സായാഹനങ്ങൾ....... ഉറക്കമൊഴിച്ച്

ഇരുട്ടിനെ പ്രണയിച്ച നിശബ്ദതയുടെ ആ രാത്രികളെ...... അങ്ങനെയെല്ലാം പതിയെ ആ പെട്ടിയിൽ നിന്നും

അടർന്നു വീഴാൻ തുടങ്ങ. ഇല്ല , ഓർമ്മകൾ ചിതലരിച്ചിട്ടില്ല...... അവയുടെ ആത്മാവിന് മരണവുമില്ല........

അധികനേരം അവിടെ നിന്നാൽ, ഈ ചുവന്ന കടൽത്തീരമന്റെ ഹൃദയത്തെ അഘാതമായി പിടിച്ചുലയ്ക്കുമോഎന്ന് തോന്നിത്തുടങ്ങി. പതിയെ അവിടെ നിന്നു ഞാനും തിരിഞ്ഞു നടന്നു. ഒരുപാട് പേർ

സൂര്യാസ്തമയം കണ്ട് തിരികെ അവരുടെ വേണ്ടപ്പെട്ടവരിലേക്ക് മടങ്ങുന്നുണ്ടായിര്ന്നു. ഒപ്പം കുറേ നയ്യെട്ടുത്ത

സ്വപ്നങ്ങളും... പക്ഷേ എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു, ചുവന്ന തീരങ്ങൾക്ക് എന്തോ എന്നോട്

പറയാനുണ്ടെന്ന്..... വായിച്ചു തീരും മുമ്പ് ചിതലരിച്ചു പോയ പുസ്തകത്താളുകളിലെ കഥപോലെ

മനസ്സിലാവാതെക്കിടക്കുന്നു., ഇതു പോലെ പലതും.......

fathima nishana c.k
10.d

# കമ്പ്യൂട്ടറിന്റെ ചരിത്രം

1940 തുകളിലാണ് ആദ്യത്തെ മോഡൽ
കമ്പ്യൂട്ടർ കണ്ടുപിടിച്ചത്.
ആദ്യ കാല ഘട്ടങ്ങളിൽ മനുഷ്യർ കണക്ക് കൂട്ടാൻ ബുദ്ധിമുട്ടായിരുന്നു.ആദിമ
മനുഷ്യർ കണക്ക് കൂട്ടാൻ അവരുടെ വിരലുകളാണ് ഉപയോഗിച്ചിരുന്നത്.
അവസാനം മനുഷ്യർക്ക് കണക്ക് കൂട്ടാൻ യന്ത്രങ്ങൾ കണ്ടു പിടിക്കുകയുണ്ടായി.
ചാൾസ് ബാബേജ് എന്ന ശാസ്ത്രക്ഞനാണ് കമ്പ്യൂട്ടർ കണ്ടുപിടിച്ചത്. കമ്പ്യൂട്ടറുകൾക്ക്
അഞ്ച് തലമുറകളാണുള്ളത്.

NISHA FATHIMA.VP
6 C

# തണ്ടൊടിഞ്ഞ പൂവ്

അമ്മയുടെ മടിയിൽ
തല ചായ്ക്കുന്നവരും
കുസൃതിക്കുരുന്നുകൾ നാമെല്ലാം
ജനിച്ച നാമെല്ലാം
ഉന്മേഷവനായ പൂപോലെ ഒരുനാൾ
മടങ്ങണം നാമെല്ലാം
ദൈവത്തിൻ വിളി കേട്ട്
അമ്മയുടെ സ്നേഹത്തിൽ
വലർന്നു വലുതായി
സാഹചര്യം കൊണ്ട്
ഒഴിവാക്കി അമ്മയെ അപ്പൊഴല്ലാം
നൊന്തു പ്രസവിച്ചതാണെന്ന
ഓർമയില്ലാതെ നാം
സ്നേഹിക്കാൻ ഒന്നെയൊള്ളൂ
അത് അമ്മ......അമ്മ
സ്നേഹം എന്നത് സത്യം
സ്നേഹിക്കുന്ന നേരം സ്നേഹിക്കണം
പിന്നീട് അതിന് സാതിക്കില്ല
എന്തെല്ലാം ഒർക്കണം നാം
അവസാനം എല്ലാം നഷ്ട്ടമാകും
തണ്ടൊടിഞ്ഞ പൂപോലെ

hiba sheri . P
6a s.o.h.s.s

# ഗാന്ധിജിജീവ ചരിത്ര കുറിപ്പ്

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. അഛൻകരംചന്ദ് ഗാന്ധി അമ്മ പുത് ലീബായ് ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം നിയമം പഠിക്കാനായി1888 ൽ ലണ്ടനിലേക്ക് പോയി. 1891 ൽതിരിച്ചെത്തി വക്കീലീയി ജോലി ചെയ്യുതുടങ്ങി. 1894 ൽ ദക്ഷിണാഫ്രിക്കയിലെ നേറ്റാളിൾ സുപ്രീം കോടതിയിൽ വക്കീലായി. അവിടെ ഏഷ്യൻ വംശജർ അനുഭവിക്കുന്ന അനീതികൾക്കെതിരെ പോരാടി. 1914 ൽ ഇന്തയയിലേക്ക് മടങ്ങി ജന്മ നാടിന് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി പോരാട്ടം തുടങ്ങി.1915 ൽ സത്യാഗ്രഹ ആശ്രമം സ്ഥാപിച്ചു.1921 ൽ വിദേശവസ്തുബഹിഷ്കരണ പ്രക്ഷോഭം ആരംഭിച്ചു. ലാഹോർ കോൺഗ്രസ് സമ്മേളനത്തിൽ ഇന്ത്യയുടെ പൂർണ സ്വതന്ത്ര്യത്തിനുള്ള പ്രമേയം അവതരിപ്പിച്ചു പാസാക്കി 1930 തിലാണ് ദണ്ഡിയാത്രയും ഉപ്പു സത്യാഗ്രഹവും നടന്നത്.1942 ൽ ക്വിറ്റ് ഇന്ത്യാപ്രമേയം അംഗീകരിപ്പിച്ചു.1948 ജനുവരി 30 തിന് ഡൽഹിയിൽ ബിർളാ ഹൗസിൽ പ്രാർത്തനാ യോഗത്തിന് പോകവെ വെടിയേറ്റു മരിച്ചു. "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" ഗാന്ധിജിയുടെ ആത്മ കഥയാണ്.

by

dhaniya fathima k
6th b
no 4

# കാട്ടുകളിലൂടെ ഒരു യാത്ര

സൂര്യൻ വരവായി. ആ നിലാവുള്ള രാത്രി കഴിഞ്ഞു. പ്രഭാതത്തിൻെറ തണുത്ത പൂകിരണങ്ങൾ അടിച്ചു വീശിയപ്പോഴാണ് ഞാൻ കൺപീലികൾ തിറന്നു. മനോഹരമായി കാറ്റിൽ ആടുന്ന മരങ്ങളും കലപില ശബ്ദങ്ങൾ മുഴക്കുന്ന കിളികളും കളകള താളത്തിൽ ഒഴുകുന്ന പുഴകളുടെയും മനോഹരമായ ദൃശ്യങ്ങൾ കണ്ട് നിലമ്പൂർകാടികളിലൂടെ ഞാൻ എൻെറ യാത്ര ആരംഭിച്ചു. ഓരോ കാലടികളിലും എങ്ങും നിശബ്ദതയും പരിമാണം പരത്തി വീശിന്ന കാറ്റും കിളികളും മധുരമായി പാടുന്നതും എല്ലാം എന്നെ ഏറെ സ്വാധീനിച്ചു. പേരറിയാത്ത ഒത്തിരി മരങ്ങളും
കിളികളേയും ഞാൻ അവിടെ കണ്ടു. അതുപോലെ മറ്റൊരു കാര്യം എന്നെ ഏറെ സ്വാധീനിച്ചു. അതിപ്രശസ്തമായ പ്രകൃതിയിലെ ചാലിയാർ മുക്കിൽ ഇറങ്ങിയത് നിലമ്പൂർ കാടെന്നത് കാനന കാഴ്ചയുടെ പൂർണമാണ്. പിന്നെ ഞാൻ മെട്രോ ട്രെയിനിൽ കയറി. എൻെറ മനസ്സിൽ വല്ലാത്ത ഒരു ഭാരം മനസ്സിൽ കല്ല് വന്ന് നിറഞ്ഞത് പോലോത്ത ഒരു അനുഭൂതി. എന്താണെന്ന് അറിയില്ല. ആദ്യമായി കയറുന്നത് കൊണ്ടായിരിക്കാം. തികച്ചും തിരക്കേറിയതും ആ തീവണ്ടിയുടെ ജാലകത്തിലൂടെ മിന്നിമറഞ്ഞതിനപ്പുറം കാഴ്ച്ചയുടെ കാണാ സ്വർഗങ്ങൾ തീർക്കുകയായിരുന്നു. നിലമ്പൂർ കാട്.
വെള്ളച്ചാട്ടങ്ങളും ഇന്നും ജീവൻ തലയുയർത്തി നിൽക്കുന്ന നിലമ്പൂർ കോവിലകം, മ്യൂസിയം എൻെറ കണ്ണിന് കൺ കുളുർന്ന പ്രകൃതി സ്വയം നെയ്തെടുത്ത പച്ചപ്പിൻെറ സ്വാഭാവികതയാണീ ഭൂമി മുഴുവനും മലപ്പുറം ജില്ലയുടെ കിഴക്കെ അറ്റത്തുള്ള ഒരു ചെറിയ പട്ടണം. പച്ചപ്പിനാൽ

സമൃദ്രമായ ഭൂമി കേക്ക്ളൂട്ടി തുടങ്ങി വിലപ്പിച്ച മരങ്ങളും .
കണ്ണഞ്ചിപ്പിക്കുന്ന വൃക്ഷലാദികൾ കണ്ണിനെന്ന പെലെ എൻെറ മനസ്സിനും എന്നും ഒരനുഭൂതി ആയിരുന്നു. വാക്കുകളിലും വർണന കളറിലും മാത്രം ഒതുങ്ങി നിൽക്കുന്ന നല്ല എൻെറ നിലമ്പൂരിലൂടെയുള്ള യാത്ര അത് സുന്ദരമായി
ഒഴുകുന്ന പുഴകളിൽ നിൽക്കാത്ത ഓളങ്ങളെ പൊലെ ആ സുന്ദര നാടിൻെറ ഓർമകൾ ആ തണുത്ത പച്ചപ്പിൻെറ അനുഭവങ്ങൾ ഇന്നും എൻെറ മനസ്സിൽ മറക്കാത്ത ഓർമയായി അവശേഷിക്കുന്നു. മായിക്കപ്പെടാത്ത മനസ്സിൻെറ താളുകളിൽ എഴുതപ്പെട്ട ഷോലെ ശവ്പ്പികൾ തൻെറ മരത്തിൽ കൊത്തി വെക്കപ്പെട്ട ഷോലെ ഞാനും മറക്കാത്ത ഓർമയുമായി ഇന്നും മനസ്സിൽ
ഇന്നും എൻെറ മനസ്സിൽ സൂക്ഷിക്കുന്നു. എൻെറ നിലമ്പൂർ യാത്ര.

Ansila.k
5.F

## കൗശലം വിനയായി

കച്ചവടക്കാരന് കഴുത ഉണ്ടായിരുന്നു . മടിയനായ കഴുത.കച്ചവടക്കാരന് ചന്തയിൽ നിന്ന് പുറത്ത് കയറ്റികൊടുക്കുന്ന വസ്തുക്കൾ ചുമന്ന് നാട്ടിൻ പുറത്തെ വീട്ടിലെത്തിക്കുകയായിരുന്നു അവന്റെ ജോലി. ചന്തയിൽ നിന്ന് വരുന്ന വഴിയിൽ പുഴയുണ്ട് .ഒരിക്കൽ കച്ചവടക്കാരന്റെ 1 ചാക്ക് ഉപ്പ് വെച്ചുകൊടുത്തു . പുഴയിലെത്തി പുഴ കടക്കുന്നിതിനിടെ കഴുത കാലിടറി വെള്ളത്തിൽ വീണു . ഉപ്പിന്റെ ഭാരം നിമിത്തം എഴുന്നേൽക്കാവാനാവാതെ അത് കുറച്ച് സമയം വെള്ളത്തിൽ കടന്നു . അങ്ങനെ കിടന്നപ്പോൾ ഉപ്പ് വെള്ളത്തിലലിഞ്ഞു ഭാരം വളരെ കുറവായതിനാൽ വേഗം എഴുന്നേറ്റ് പോകാൻ സാദിച്ചു . പിന്നീട് പോകുമ്പോളല്ലാം മന പൂർവ്വം വെള്ളത്തിൽ കിടന്നു . ഉപ്പ് കുറയുമ്പോൾ പോകുകയും ചെയ്യും . ഉപ്പ് കൊണ്ടുവരുമ്പോൾ അളവ് കുറഞ്ഞ്വരുന്നതി കച്ചവടക്കാരൻ

സ്രദ്ധിച്ചു . ഒരുതിവസം കഴുതയെ പിന്തുടർന്നു . പുഴയിലെത്തിയ കഴുത വെള്ളത്തിൽ കിടക്കുന്നതും കഴിഞ്ഞ് എണീറ്റ് പോകുന്നതും കച്ചവടക്കാരൻ കണ്ടു . കാര്യം മനസ്സിലായ കച്ചവടക്കാരൻ കഴുതയെ ഒരു പാടം പടിപ്പിക്കാൻ ഉദ്ധേഷിച്ചു. പിറ്റെ ദിവസം ചാക്ക്

നിറയെ മണൽ നിറച്ച് കഴുതയുടെ പുറത്ത് വെച്ചുകൊടുത്തു
.
പുഴയിൽ എത്തിയപ്പോൾ ഉപ്പാണെന്ന് കരുതി പുഴയിൽ

ഇരുന്നു . ചാക്കിൽ വെള്ളം നിറഞ്ഞപ്പോൾ ഭാരമേറിയതോടെ

കഴുതക്ക് എഴുന്നേൽക്കാൻ സാധിച്ചില്ല . മാത്രമല്ല നദിയിൽ

വെള്ളം ഉയരാനും തുടങ്ങി . കഴുത്തിനു മീതെ വെള്ളം

ഉയർന്നതോടെ കഴുതക്ക് ശ്വാസം മുട്ടാൻ തുടങ്ങി . തന്റെ

അവിവേഗത്തെ ശപിച്ചു കൊണ്ട് അത് പിടഞ്ഞു.കഴുത വെള്ളം കുടിച്ച് മരണ വെപ്രാളം കാണിച്ചുതുടങ്ങിയപ്പോൾ അതു വരെ മാറിനിന്ന കച്ചവടക്കാരൻ വന്നു കഴുതയെ

രക്ഷിച്ചു.

amathullal ameer . K

5 b no: 1

s.o.h.s.s

# കുഞ്ഞി മുയൽ

ഓരിടത്തൊരിടത്ത് ഓരു മുയൽ താമസിച്ചിരുന്നു.
മുയൽ എന്നും പ്രാർത്ഥിക്കും.ഞാൻ എല്ലാ ദിവസവും
രാത്രി വലുതാണേ എന്നു
പ്രാർത്ഥിക്കും.അതല്ലെങ്കിൽ
വലിയ മുയലുകളൊക്കെ ചെറുതാവണേ എന്ന്.ഒരു
ദിവസം എന്റെ പ്രാർത്ഥന ഫലിച്ചു.ഇപ്പോൾ ഞാൻ
കാരറ്റിനേക്കാൾ വലുതാണ്.പിന്നേം എന്നും രാത്രി
ഞാൻ പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും.എനിക്ക്
കബേജിനേക്കാൾ വലിപ്പമുണ്ട്.ഹായ് ഞാൻ
വളരുന്നുണ്ടേ.പിന്നെ ഞാൻ ഉറങ്ങി.വലുതായി
ഒടുവിൽ എനിക്കിപ്പോ എന്നെ കളിയാക്കുകയും
തൊഴിക്കുകയും ഒക്കെ ചെയ്യ്ണ മുയലുകളോളം
വലിപ്പമുണ്ടേ.പക്ഷേ അവർക്ക് അത്
പിടികിട്ടിയിട്ടില്ല
എന്നാ തോന്നുന്നേ ഞാനിപ്പോ ചേട്ടൻ മുയലാണ്
മുയലിനെ തലോടിക്കൊണ്ട് ഞാൻ പറഞ്ഞു

ഷിഫ്ന ഷിഹാബ്. kk
6-C Roll No;24

# വിദ്യാലയ ജീവിതം.

കേരങ്ങളാൽ നിറഞ്ഞ കേരള നാട്ടിൽ
കലകളാൽ അറിവു കേട്ട മലബാറിന്റെ
നിറവിൽ- കാറ്റിന്റെ തഴുകലായ്
നിൽക്കുകയാണെൻ വിദ്യാലയം
കാറ്റിൽ പാറിപ്പറക്കുന്ന
ചിത്രശലഭങ്ങളേക്കാൾ
പബവിത്രതയാണവിടെ വിദ്യാർത്ഥികൾക്ക്
കാലചക്രത്തിന്റെ സഞ്ചാരത്തിനിടയിൽ
വിദ്യാർത്ഥികൾ ഇവിടെ കൈയ്യൊപ്പു
ചാർത്തി
എങ്ങോട്ടോ.... പാറിപ്പറന്നകലുന്നു.
വിദ്യാലയത്തിന്റെ പ്രവർത്തനം പങ്കിടാനും
വിജയ കൊടുമുടിയിലേക്ക് ഉയർത്തീടാൻ
ഈ ചിത്രശലഭങ്ങൾ വീണ്ടും ഒന്നിക്കുന്നു.
*ഞാനും*

# മാഞ്ഞു പോയ മഴവില്ല്

കുളിർ കാറ്റുമായി എൻ ഇരുളിൽ
നിറഞ്ഞ മനസ്സിൽ ചെറു ദീപം
തെളിയിച്ച കുഞ്ഞു കരങ്ങൾ കാലത്തിന്റെ
ഒഴുക്കിൽ ഇന്ന് മാഞ്ഞു പോയി
എൻ മനസ്സ് വീണ്ടും ഇരുളിലായി
പ്രകാശിക്കുന്ന ഇളം മിഴികളാൽ
എന്നെ നോക്കിയ നേരം ഒഴുകിപ്പോയി
ശബ്ദത്തിന്റെ നൃത്തം കാണാൻ
ഓടിയടുത്ത എന്നെ നിരാശയാക്കി
ഇരുളിൽ ദൂരെയെങ്ങോ പോയ് മറഞ്ഞു
കിളികൾ തവൻ കൊഞ്ചൽ കേൾക്കാൻ
വെമ്പിയൻ മനസ്സ് മുറിഞ്ഞ് പോയി
കാണാനാകാതെ ഞാൻ തിറഞ്ഞപ്പോൾ
എന്റെ പാവം മഴവില്ല് മുറിഞ്ഞ് പോയി
എന്നെ തനിച്ചാക്കി മാഞ്ഞു പോയി.

***NIHILA HENNA . NC***
9D

# ***മഴ***

വന്നല്ലോ മഴ വന്നല്ലോ
മുറ്റം നിറയെ മഴ വെള്ളം
വന്നല്ലോ മഴ വന്നല്ലോ
മുറ്റം പച്ച പിടിച്ചെല്ലോ
വന്നല്ലോ മഴ വന്നല്ലോ
മരവും ചെടിയും വളർന്നല്ലോ
വന്നല്ലോ മഴ വന്നല്ലോ
വള്ളികളെല്ലാം വളർന്നല്ലോ
വന്നല്ലോ മഴ വന്നല്ലോ
വയലുകളൊക്കെ നിറഞ്ഞല്ലോ
വന്നല്ലോ മഴ വന്നല്ലോ

nidha henna

6th e
no 18

# നിള

യാത്ര പോയിരുന്ന ഞാൻ മലയാള മണ്ണിന്റെ
കാഴ്ചകൾ കാണുവാൻ മാത്രമായി
വറ്റിയ ഭാരതപ്പുഴയൊന്നുകണ്ടപ്പോൾ
ആ ഭൂതകാലത്തെയോർത്തു ഞാൻ
പാട്ടു മൂളിക്കൊണ്ടൊഴുകുകയായിരുന്നൊരാ
സൗന്ദര്യ മേന്മയാൽ വന്നു പോയി
കളം കളം പാടിയൊഴുകിയിരുന്നൊരാ
നിളയെ കുറിച്ചു ഞാൻ ഓർത്തു പോയി
മനസ്സിൽ നിറഞ്ഞൊരാ ആത്മനൊമ്പരങ്ങളെ
ഉള്ളിലൊതുക്കിയൻ ചിന്തപോയി
അന്നു ഞാൻ വന്നതും നിളയാൽ കുളിച്ചതും
എല്ലാം ഓർമകൾ മാത്രമായി
നിളയെ നശിപ്പിച്ചു മണൽ പുറമാക്കിയ
മനുഷ്യ വർഗത്തെ വെറുത്തുപ്പോയി
കാലവും കോലവും മാറിയൊരീ
കൊച്ചു ലോകത്തിൽ നിന്നു ഞാൻ നശിച്ചു പോയി

**NOURIN NAZAR**

# ഒത്തുപിടിച്ചാൽ മലയും പോരും

ഒരു ആനയും ഒരു കുരങ്ങനും വലിയ കൂട്ടുകാരായിരുന്നു. അങ്ങനെ കാട്ടിൽ കഴിഞ്ഞു വരവെ അവരിൽ ആരാണ് കൂടുതൽ ബുദ്ധിമാൻ എന്നൊരു തർക്കം അവർക്കിടയിൻ ഉണ്ടായി. ബുദ്ധിമാൻ എന്നു പേരുകേട്ട കരടിയുടെ അടുത്ത് ഇരുവരും വന്നു. മധ്യസ്ഥത പറയണമെന്നായി. പുഴക്കരെയുള്ള മരത്തിലെ തേനീച്ചക്കൂട് താൻ ചെയ്യുന്നത് പോലെ ഒന്ന് എടുത്ത് കൊണ്ടുവരാൻ അവരോട് കരടി പറഞ്ഞു. കുരങ്ങനുനീന്താൻ വശമില്ലാത്തതിനാൽ ആനകുതങ്ങനെ പുറത്തു കയറ്റി പുഴകടക്കാൻ സഹായിച്ചു. മരത്തിനുമുകളിൽ തേനീച്ച ക്കൂട് കണ്ട ആന തനിക്ക് മരത്തിൽ കയറാൻ അവില്ലെന്നായി. വിഷമിക്കണ്ട പറഞ് കുരങ്ങൻ മരത്തിൽ കയറാൻ ഇറങ്ങി. താൻ മരത്തിൽ കയറുമ്പോഴേക്കും മരത്തിനു ചുവട്ടിൽ തീ കൂട്ടണമെന്നും ചൂടുകൊണ്ട് തേനീച്ചകൾ അവിടം വിട്ട് പോകുമെന്നും അപ്പോൾ തേനീച്ചക്കൂട് സ്വന്തമാക്കാമെന്നും കുരങ്ങൻ പറഞ്ഞത് ആന ആന അനുസരിച്ചു. തേനീച്ചക്കൂടുമായി ഇക്കരയ്ക്കു നീന്തി കരടിയെ സമീപിച്ച ഇരുവരോടും കരടി പറഞ്ഞു - ഞാൻ തനിയെ ചെയ്യുന്ന ജോലി നിങ്ങൾ

രണ്ടുപേരും കൂടിയാണ് ചെയ്തത്. അപ്പോൾ ആരാണ് ബുദ്ധിമാൻ? അതു കേട്ട് ഇളിഭ്യരായ ആനയും കുരങ്ങനും പിന്നെ വഴക്കിട്ടിട്ടേയില്ല. പരസ്പരം സഹകരിച്ച്, സഹായിച്ച് അവർ സുഖമായി കഴിഞ്ഞു.

**diya sherin.k**
**5.c**

# പൊക്കിൾ കൊടിതൻ അവകാശി

കാല ചക്രത്തിന്റെ ഘടികാരം
എന്നെ തലോടി ഒഴുകിയപ്പോൾ
ഒന്നും അറിയാത്ത എന്നെ
ഞാനാക്കിയ എന്റെ
ആദ്യ ഗുരുനാഥക്കു മുമ്പിൽ ഞാൻ
സാഷ്ടാഗം നമിക്കുന്നു
പ്രിയരെ......
നിന്റെ കവിളിൽ കിടത്തി നീ
പാടിയ താരാട്ട് എത്ര
മധുര ഗീതമായിരുന്നു
അവളുടെ ഇരുളറയ്ക്കുള്ളിൽ
ഞൻ ഏകയായിരുന്നപ്പോൾ
എന്റെ ആത്മാവിൽ കുറിച്ചിട്ട
ലിപിയിൽ
എന്റെ അറ്റു പോയ
പൊക്കിൾ കൊടിതൻ ഏക അവകാശി

Riba mariyam.c
x d
Roll no 25

# പ്രകൃതി

പച്ചപ്പട്ടുത്ത് നിൽക്കുന്ന പൊന്നു
വേഴാമ്പൽ പാടങ്ങളെ
പാട്ടിലും ചന്തത്തിലും മനുഷ്യരെ
മയക്കുന്ന പലനിറമാം പക്ഷികളെ
പ്രകൃതിയെ മനോഹരമാകും
മറ്റുജീവജാലങ്ങളെ
നിശബ്ദയോടെ  ഒഴുകുന്ന പുഴകളെ
നമുക്കുപാടാം ഒരു പ്രകൃതി ഗീതം
ഉറങ്ങിക്കിടക്കും പ്രകൃതിയെ നമുക്കുമർത്താം
പ്രകൃതിയുണർന്നാൽ എല്ലാവരുമുമരും
നമുക്കുപാടാം പ്രകൃതിയ ഉണർത്താം

**Nourin nazar p.k**

# തണൽ

ഒരു തണലിനായ്
കേഴുന്നു ഞാൻ
വേഴമ്പലിനായ്
മരമെവിടെ, മഴയെവിടെ
പുൽ നാമ്പിളക്കും
ചെല്ലക്കാറ്റെവിടെ
മരമേ, മഴയേ
തണലേ, തളിരേ
ചൊൽക നീ
ഒരു മഴക്കാർ കാണാൻ
കൊതിച്ചുയരുന്നിതാ
മഴപ്പക്ഷികൾ
മരമില്ല, മഴയില്ല
ജലമില്ലെവിടെയും
ഒരു തണലിനായ്
കേഴുന്നു ഞാൻ

nihila henna.n.c
9.d

# വാശിയിലെ വിജയം

നസീമും നസീറും കൂട്ടുകാരായിരുന്നു. ഇവരാണ് ഈ കഥയിലെ നായകർ."എടാ..... നസീറെ ഒരു കലാപരിപാടിവരുന്നുണ്ട്".
"എടാ നസീമെ അത് എപ്പോഴും വന്നും പോയി നിൽക്കും.അതിന് നമുക്ക് എന്താ?എടാ.... എനിക്ക് അതിൽ ഒന്ന് കൂടാൻ കൊതിയുണ്ടെടാ..."നസിമെ എന്നാ താൻ കൂട് . എപ്പോഴും കൂടെ ഞാനുണ്ട് "എന്നും പറഞ്ഞ് അവർ ആ പരിപാടിക്ക് പേര് കൊടുത്തു. പക്ഷെ....എല്ലാ കൊല്ലവും ഈ പരിപാടി വരുമ്പോൾ അതിലൊന്നാം സ്ഥാനം ജാബിറിനായിരുന്നു.ജാബിർ ഇപ്രാവശ്യവും പേര് കൊടുക്കുന്നത് നസീമ് കണ്ടു.അപ്പോൾ നസീം നസീറിനോട് പറഞ്ഞു
"എടാ..ആ ജാബിർ ഇപ്രാവശ്യവും ഉണ്ടെടാ"
"എടാ നസീമേ..അവൻ കൂടെട്ടെടാ തന്റെ കൂടെ അങ്ങനെ ഒരാൾ വേണം അപ്പോഴല്ലെടാ തന്റെ വിജയത്തിന് ഒരർത്ഥമുള്ളൂ..." എന്ന് പറഞ്ഞ് ധൈര്യം നൽകി കൂടെ കട്ടക്ക് നിന്നു..

അങ്ങനെ ആ ദിവസം എത്തി.നസീം ആ പരിപാടി നടക്കുന്ന റൂമിൽ പോയി ഇരുന്നു.

അവന് വാശിയായിരുന്നു.ഇതിലെ ഒന്നാം സ്ഥാനം തനിക്ക് തന്നെ വേണം.അപ്പോൾ ജാബിർ അതാ ക്ലാസ്സിലേക്ക് കയറി വരുന്നു.
അവന്റെ കൈയിൽ ചിത്ര രചനക്കുള്ള സാമഗ്രികൾ ഉണ്ടായിരുന്നു.എന്നാൽ നസീമിന്റെ
കയ്യിൽ വെറും പെൻസിലും ക്രയോണും മാത്രമേ ഉണ്ടായിരുന്നുള്ളൂ.അവൻ ആകെ പേടിച്ച് പരിഭ്രാന്തനായി.ക്ലാസ്സിൽ വന്ന സാർ പറഞ്ഞു പെൻസിലും ക്രയോണും മാത്രം മതി എന്ന്.അപ്പോൾ നസീമിന് കുറച്ചൊരാശ്വാസമായി.ജാബിർ നസീമിനോട് പറഞ്ഞു ;"എടാ....ഇപ്രാവശ്യത്തെ വിജയം നിനക്കല്ലെടാ..എനിക്കാണെടാ".അപ്പോൾ നസീം പറഞ്ഞു 'എന്നാ നമുക്ക് നോക്കാം'.ഇത് പുറത്ത് നിന്ന് നസീറ് കേട്ടു.നസീറ് നസീമിനോട് പറഞ്ഞു"ഈവാക്കിൽ തന്നെയുണ്ട് തന്റെ വിജയം". അങ്ങനെ നസീം തന്നെ ആ വർഷത്തെ കപ്പ് വാങ്ങി. [ഒരാൾക്ക് ഇങ്ങനെയുള്ള
ഒരാത്മവിശ്വാസം ഉണ്ടെങ്കിൽ തന്റെ വിജയം ആ വാക്കിലുണ്ട്].

# വയലിന്റെ കണ്ണീർ

വയലിന്റെ മക്കൾ കരഞ്ഞിടുന്നു
കണ്ണീരുകൊണ്ടെല്ലാരും കരഞ്ഞിടുന്നു
ഞങ്ങൾക്കുമില്ലേ ഭൂമി?
ഞങ്ങൾക്കുംവേണ്ടേ ജീവിതം?
സങ്കട കടലാൽ മുങ്ങിയ കർഷകർ
തേങ്ങി തേങ്ങി ക്കരയുന്നു
പാടവരമ്പിൽ നെൽമണി തേടിയ
തത്തകൾ തിരികെ മടങ്ങുന്നു
വയലിൻ കരയിലെ മാവിൻ കൊമ്പിൻ
ഒരു ജഢമൂഞ്ഞാലാടുന്നു.

**Nourin nazer p.k**

# വിദ്യാലയ ജീവിതം.

കേരങ്ങളാൽ നിറഞ്ഞ കേരള നാട്ടിൽ
കലകളാൽ അറിവു കേട്ട മലബാറിന്റെ
നിറവിൽ- കാറ്റിന്റെ തഴുകലായ്
നിൽക്കുകയാണെൻ വിദ്യാലയം
കാറ്റിൽ പാറിപ്പറക്കുന്ന ചിത്രശലഭങ്ങളേക്കാൾ
പബവിത്രതയാണവിടെ വിദ്യാർത്ഥികൾക്ക്
കാലചക്രത്തിന്റെ സഞ്ചാരത്തിനിടയിൽ
വിദ്യാർത്ഥികൾ ഇവിടെ കൈയ്യൊപ്പു ചാർത്തി
എങ്ങോട്ടോ.... പാറിപ്പറന്നകലുന്നു.
വിദ്യാലയത്തിന്റെ പ്രവർത്തനം പങ്കിടാനും
വിജയ കൊടുമുടിയിലേക്ക് ഉയർത്തീടാൻ
ഈ ചിത്രശലഭങ്ങൾ വീണ്ടും ഒന്നിക്കുന്നു.
ഞാനും ഈ വിദ്യാലയ വഴിയിലെ
യാത്രകാരിയാണ്..
യാത്രയിൽ ധാരാളം ചിത്രശലഭങ്ങളെ കണ്ടു
ഞങ്ങൾ ഒന്നിച്ച് യാത്ര തുടരുകയാണ്
സഞ്ചാരം നേർവഴിയിലൂടെ
സഹനശേഷി അധികമുള്ള ഒരു സമൂഹം
അധ്യാപകർ..
ഞങ്ങൾ സഞ്ചാരിക്കുകയാണ്
യാത്രയുടെ വിജയഘട്ടത്തിലേക്ക്...

amani. p

10. d

# എന്റെ കേരളം

പതിനാല് ജില്ലകൾ കോർത്തൊരുമിച്ചൊരു കേരളമുണ്ട്.
ഈ കേരളത്തിൽ മാതൃഭാഷ മലയാളമുണ്ട്.
അറബിക്കടലിൽ തീരത്താണീകേരളമണ്ണ്. (2)
പണ്ട് മറുനാടൻ പല ദേശക്കാർക്കും മണ്ണിനോട് കണ്ണ്.

ഭംഗിയോടെയൊഴുകും നദികൾ കേരളത്തിലുണ്ട്.
കാണാൻ സുന്ദരമാകും മലകൾ കുന്നുകളുമുണ്ട്.
കൃഷികൾക്കും അനുയോജ്യമായ പല മണ്ണുകളുമുണ്ട്.
വൃക്ഷങ്ങളുടെ നാടാം കേരളമെന്ന ചൊല്ലുണ്ട്. (2)

അക്ഷരം മലയാലത്തിൽ എഴുത്തച്ഛനെഴുതി
അന്നുതൊട്ടയാ അക്ഷരങ്ങൾ അങ്ങോളമിങ്ങുമെഴുതി (2)
സാക്ഷരതയിൽ ഇന്നു കേരളം ഒന്നാമെതെത്തി (2)
ചിന്തകരും പണ്ഡിതന്മാരും ശാന്തി നാട്ടന്നോതി (2)

വിനോദത്തിനായി വിദേശികൾക്ക് വൃന്ദ പൂങ്കാവനം
വിശ്വമാകയും മണ്ണിലെ മക്കൾ സഞ്ചരിച്ച കാലം (2)
എത്ര സുന്ദരം എന്റെ കേരളം നങ്ങൾക്കഭിമാനം (2)
ഇന്നു മെന്നുമീ നാടിനെ വാഴ്ത്തി പാടിടുന്ന ഗാനം(2)

# ഗാന്ധിജിയുടെ ചിന്തകൾ

നമ്മുടെ രാഷ്ട്രപിതാവ് പ്രകൃതിയെ നന്നായി ഇഷ്ടപ്പെട്ടിരുന്നു.പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അദ്ദേഹം വളരെ ആഴത്തിൽ തിരിച്ചറിഞ്ഞിരുന്നു.
നമ്മുടെ പൂർവികരിൽ നിന്നും കൈമാറിവന്നവയല്ല ഭൂമി, മണ്ണ്, ജലം, വായു എന്നിവ. മറിച്ച് വരും തലമുറയിൽ നിന്ന് കടമെടുത്തതാണ്. അവർക്ക് അത് ഇന്ന് കാ
ണുന്ന അവസ്ഥയിലല്ലെങ്കിലും കൈമാറേണ്ടതുണ്ട്. ഭൂമിയിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ടു കഴിയുന്നു. അവ തമ്മിൽ സഹകരണവുമുണ്ട്. മനുഷ്യർ മറ്റു സഹ
ജീവികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും വേണം. അദ്ദേഹം ഓർമിപ്പിച്ചു. എല്ലാവർക്കും വേണ്ടത് ഭൂമിയിലുണ്ട്. എന്നാൽ ആരുടെയും ആർത്തിക്ക് വേണ്ടത് ഇല്ല.
സ്വന്തം ജീവിത രീതിയിലൂടെ പ്രകൃതി സംരക്ഷണ സന്ദേശം പ്രാവർത്തികമാക്കി കാ
ണിച്ചു തന്ന മഹാനാണ് ഗാന്ധിജി.

junaina thasni
5-d
Rollno;09



